സെയിൽസ് ടാക്സ് കുടിശ്ശികയുടെ പേരിൽ ജപ്തി നടപടി സ്വീകരിച്ചതിന്റെ കാരണം

15 (4054) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ, കണ്ണമംഗലം വില്ലേജിൽ, ശ്രീനിലയം വീട്ടിൽ ശ്രീ. മോഹൻകുമാർ എന്നയാൾ നടത്തി വന്ന എസ്. എസ്. ഐ. യൂണിറ്റിന് 17-11-1990 മുതൽ 16-11-1999 വരെയുള്ള കാലയളവിലേയ്ക്ക് സെയിൽസ് ടാക്സ് എക്സംപ്ഷൻ അനുവദിച്ച് റവന്യൂ വകുപ്പ് 31-7-1999-ലെ 44215/എസ്2/99/ആർ. ഡി. പ്രകാരം ഉത്തരവ് നൽകിയെങ്കിലും, ഈ കാലയളവിലെ സെയിൽസ് ടാക്സ് കുടിശ്ശികയുടെ പേരിൽ സർക്കാർ ജപ്തി നടപടി സ്വീകരിച്ചതിന്റെ കാരണം വിശദീകരിക്കുമോ ;

(ബി) റവന്യൂ വകുപ്പിന്റെ ഈ ഉത്തരവ് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് അറിയാതെയാണോ നൽകിയത് ;

(സി) ഈ ചെറുകിട വ്യവസായ യൂണിറ്റിന് നിയമപരമായി അവകാശപ്പെട്ട സെയിൽസ് ടാക്സ് എക്സംപ്ഷൻ നിഷേധിക്കുകയും ഈ കാലയളവിലേയ്ക്ക് അസസ്മെന്റ് നടത്തുകയും ചെയ്ത ബന്ധപ്പെട്ട സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രീ. മോഹൻ കുമാർ, ശ്രീ. നിലയം കാവിറ്റി ബ്ലോക്സ്, ചെട്ടിക്കുളങ്ങര എന്നയാൾ മാവേലിക്കര വില്പന നികുതി ഓഫീസിലെ രജിസ്റ്റേർഡ് ഡീലർ ആണ്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 5-5-1999-ലെ പി. 5242/98/ഡി.ഡി.എസ്. എന്ന ഉത്തരവ് പ്രകാരം ടിയാന്റെ സ്ഥാപനത്തിന് 17-11-1990 മുതൽ 16-11-1995 വരെ 2,62,941 രൂപയ്ക്ക് എസ്. എസ്. ഐ. യൂണിറ്റ് നൽകുന്ന സെയിൽസ് ടാക്സ് എക്സംപ്ഷൻ അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള ഇളവ് 16-11-1995-ന് ശേഷം ലഭിക്കുകയില്ല. അതിനാൽ 16-11-1995 വരെ എക്സംപ്ഷൻ അനുവദിച്ചും തുടർന്നുള്ള കാലയളവിലേക്ക് നികുതി കണക്കാക്കിയും 1998-1999 വരെ നികുതി അസസ്മെന്റ് പൂർത്തിയാക്കുകയും നികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ അവസരത്തിൽ ശ്രീ. മോഹൻകുമാർ, റവന്യൂ വകുപ്പിന്റെ 31-7-1999-ലെ 44215/എസ്2/99/ആർ.ഡി നമ്പർ സർക്കാർ കത്തിന്റെ ഫോട്ടോ കോപ്പി ഹാജരാക്കി. ശ്രീ. മോഹൻകുമാറിന്റെ പേരിൽ അയച്ചിരിക്കുന്ന പ്രസ്തുത കത്തിൽ 2,62,941 രൂപയ്ക്ക് 17-11-1990 മുതൽ 16-11-1999 വരെയുള്ള കാലയളവിലേക്ക് സെയിൽസ് ടാക്സ് എക്സംപ്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര വില്പന നികുതി ഓഫീസർ വീണ്ടും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് എഴുതുകയും അതിനു മറുപടിയായി 17-11-1990 മുതൽ 16-11-1995 വരെ മാത്രമേ നികുതിയിളവ് നൽകിയിട്ടുള്ളൂ എന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിക്കുകയും ചെയ്തു. മാനുവൽ ഓഫ് സെയിൽസ് ടാക്സ് എക്സംപ്ഷനിലെ നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരവും വില്പന നികുതി നിയമത്തിലെ 10-ാം വകുപ്പ് പ്രകാരം നോട്ടിഫിക്കേഷൻ വഴിയും ആണ് നികുതിയിളവ് നൽകാറുള്ളത്. അത് പ്രകാരം വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നികുതിയിളവിനുള്ള സർട്ടിഫിക്കറ്റ് നൽക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുമാണ്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. മോഹൻകുമാറിന് 16-11-1995 വരെ മാത്രമേ വില്പന നികുതിയിളവിന് അർഹതയുള്ളൂ. റവന്യൂ വകുപ്പിൽ നിന്നും നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിളവ് നൽകാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് 16-11-1995-നു ശേഷമുള്ള വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിന് ശ്രീ. മോഹൻകുമാറിന്റെ പേരിൽ ജപ്തി നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്.

(ബി) നികുതിയിളവിന്റെ കാലാവധി 17-11-1990 മുതൽ 16-11-1999 വരെയാണെന്ന് റവന്യൂ വകുപ്പിൽ നിന്നും ശ്രീ. മോഹൻകുമാറിനെ അറിയിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

(സി) വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ കേരള പൊതുവില്പന നികുതി നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ് നികുതിയിളവ് സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകിയത്. അതനുസരിച്ച് 17-11-1990 മുതൽ 16-11-1995 വരെയാണ് നികുതിയിളവിന്റെ കാലാവധി. റവന്യൂ വകുപ്പിൽ നിന്നും നൽകിയ കത്ത് മാനുവൽ ഓഫ് സെയിൽസ് ടാക്സ് എക്സംപ്ഷനിലെ നിയമപ്രകാരം നൽകിയതല്ലാത്തതിനാൽ നികുതിയിളവ് അനുവദിക്കാൻ കഴിയുകയില്ല ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അന്വേഷിച്ചപ്പോൾ ഇപ്രകാരം നികുതിയിളവിന്റെ കാലാവധി 16-11-1995-ന് ശേഷം നീട്ടികൊടുത്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ വില്പന നികുതി ഉദ്യോഗസ്ഥരുടെ നടപടികൾ വില്പന നികുതി നിയമ പ്രകാരം സാധുതയുള്ളതാണ്.

സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം

16 (4055) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട സെയിൽസ് ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സെയിൽസ് ടാക്സ് കോംപ്ലക്സിന് ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ഇതു സംബന്ധമായി ഹൈക്കോടതിയിൽ ഇപ്പോൾ കേസ് നിലവിലുണ്ടോ ;

(ഡി) ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ എത്ര തുകയാണ് കെട്ടിവച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly